## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **49** 09.06.2014-ൽ മറുപടിക്ക്

### <u>സംസ്ഥാന സിവിൽ സർവ്വീസ് ബോർഡ്</u>

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.കെ.ബഷീർ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്ത് സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ശ്രീ. റ്റി.എസ്. ആർ.സുബ്രഹ്മണ്യനും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 82/2011, WP(C)No. 234/2011 എന്നീ റിട്ട്പെറ്റീഷനുകളിൽ ബഹു. സുപ്രീംകോടതി 31.10.2013-ൽ പുറപ്പെടുവിച്ച പൊതുവിധി ന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. ടി വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 05.05.2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 107/2014/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിലെ നിയമനങ്ങളെ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; | | |
| (സി) സിവിൽ സർവ്വീസ് ബോർഡ് രൂപീകരണത്തിന്റെ പുരോഗതി അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ